## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4871** — **27.6.2014-ൽ മറുപടിക്ക്**

**സ്വരാജ് ഭവനിലേയ്ക്ക് ഓഫീസുകൾ മാറ്റാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സ്വരാജ് ഭവനിൽ ആകെ എത്ര ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചു നൽകുക യുണ്ടായിയെന്നും; ഏതെല്ലാം ഓഫീസുകൾക്കാണ് സ്ഥലം അനുവദിച്ചു നൽകിയതെന്നും അറിയിക്കുമോ; | എ) | സ്വരാജ് ഭവനിൽ ആകെ 12 ഓഫീസുകൾക്കാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്. നഗരകാര്യ ഡയറക്ടറുടെ കാര്യാലയം, ചീഫ് ടൗൺപ്ലാനറുടെ കാര്യാലയം, ഗ്രാമവികസന വകുപ്പ് കമ്മിഷണറുടെ കാര്യാലയം, ചീഫ് ടൗൺപ്ലാനർ (വിജിലൻസ്) കാര്യാലയം, കേരള റൂറൽ എംപ്ലോയീസ് & വെൽഫെയർ സൊസൈറ്റി (KREWS), ശുചിത്വമിഷൻ, ഇൻഫർമേഷൻ കേരള മിഷൻ, കമ്മിഷൻ ഫോർ ഡിസെൻട്രലൈസേഷൻ, കെ.പി.ഇ.പി.എഫ്.എ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, അർബൻ മാനേജ്മെന്റ് സെൽ & സ്റ്റേറ്റ് യൂണിറ്റ് ഓഫ് ആർ.പി.എം.സി, 10-ാം ശമ്പള പരിഷ്കരണ കമ്മിഷന്റെ കാര്യാലയം എന്നിവയ്ക്കാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്. |
| ബി) എത്ര ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറുകയുണ്ടായി ; | ബി) | രണ്ട് ഓഫീസുകൾ. |
| സി) വാടക കെട്ടിടങ്ങളിലും മറ്റ് ഓഫീസുകളോടനുബന്ധിച്ചും പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സ്വരാജ് ഭവനിലേയ്ക്ക് മാറാൻ ഉത്തരവു നൽകിയിട്ടും ഇപ്പോഴും മാറാതെ തുടരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറ്റി പ്രവർത്തിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) & ഡി) | സ്വരാജ് ഭവന്റെ നിർമ്മാണം പൂർത്തീകരിച്ച് വിവിധ വകുപ്പുകൾക്കായി അനുവദിച്ചുവെങ്കിലും ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറൈസേഷൻ, നെറ്റ് വർക്കിംഗ്, ക്യാബിൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഓഫീസുകൾക്ക് പൂർണ്ണമായി സ്വരാജ്ഭവനിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളു. പ്രവൃത്തികൾ പൂർത്തീകരിച്ച് ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ